പുഴകളിലെ ഉറവിടത്തിന്റെ പരിസരം കമ്പിവേലി കെട്ടി സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. മലിനജലം സ്രോതസ്സുകളിൽ ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അറിയിക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബന്തടുക്ക കുടിവെള്ള പദ്ധതി

214 (2769) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്കയ്ക്കും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബന്തടുക്കയ്ക്കും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 25-7-2012-ലെ സ.ഉ. (സാധാ) നമ്പർ 912/12/ജവിവ ഉത്തരവ് പ്രകാരം 8 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള മുൻകൂർ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. പ്രസ്തുത ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുത്തു. കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 36.80 ശതമാനം കൂടുതലായിരുന്നു. അതിനാൽ പ്രവൃത്തി റീ ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ റീ ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. കൂടാതെ ഈ പദ്ധതിക്കാവശ്യമായ സ്ഥലങ്ങൾ ഒരു വർഷത്തിലധികം കാലമായിട്ടും കുറ്റിക്കോൽ പഞ്ചായത്ത് അധികൃതർ ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഈ സാഹചര്യത്തിൽ സ്ഥലം കൈമാറാൻ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly